RESEARCH ARTICLE

INDIAN JOURNAL OF
MULTILINGUAL RESEARCH AND DEVELOPMENT

DOI: 10.54392/ijmrd2223

# Unique way of expressing lust, body and love in Contemporary Malayalam Feminist Poetry

## കാമന, ശരീരം : പെൺകവിതയിലെ തനതുവഴികൾ സമകാല മലയാള പെൺകവിതകളിൽ

**R. Chandrabose** [a, *]

[a] Department of Malayalam, Central University of Kerala, Kasaragod-671316, Kerala, India
*Corresponding author Email: bosebosechandra@gmail.com
DOI: https://doi.org/10.54392/ijmrd2144
Received: 03-05-2022; Accepted: 24-06-2022; Published: 25-06-2022

**Abstract:** The explosive beauty of contemporary Malayalam Feminist Poetry is due to its aesthetic and intellectual openness about lust, body and love. These poems validate the prophecies made by Helen Cixous in Laugh of Medusa about creative wonders that are going to be performed in female imaginary writings. Contemporary women's poetry dispels all preconceived notions that men have made about women. This paper try to find out the poems that express extreme levels of writing about women's life and thoughts. The aim of this paper is to mark the heights achieved by contemporary Malayalam feminist poetry.

**Keywords:** Body Politics, Lust, Feminism, Eco-Feminism, Metaphor, Mysticism

**Subject Specialization:** **Malayalam**

## About the Author



**Dr.R. Chandrabose,** working as Assistant Professor in the Department of Malayalam under School of languages and comparative literature, Central University of Kerala, Kasaragod. Dr.R.Chandrabose authored 30 Research papers and four Books in Malayalam.

## ആമുഖം

ധൈഷണികതയുടെ നക്ഷത്രദീപ്തയാൽ വൈകാരികതയുടെ കടലാഴങ്ങളാൽ സമകാലപെൺകവിത അനുവാചകരെ വിസ്മയിപ്പിക്കുന്നു. സ്വത്വാവിഷ്കാരത്തിന്റെ തീവ്രതയും അചുംബിതഭാവനകളും ആ കവിതകളുടെ അഴകളവുകൾക്ക് പൊലിമ നൽകുന്നുണ്ട്. സ്ത്രീയുടെ യഥാർത്ഥസ്വത്വത്തെ ആഴത്തിൽ ഉൾവഹിക്കാൻ കവിതയെ സജ്ജമാക്കിക്കൊണ്ട് പെൺകവിത അതിന്റെ ചരിത്രദൗത്യം നിറവേറ്റിയിരിക്കുന്നു. കാമന, ശരീരം, പ്രണയം ഇവയെക്കുറിച്ചുള്ള തുറന്നു പറച്ചിലുകളാണ് ഒരു പക്ഷേ, സമകാലപെൺകവിതകളുടെ വിസ്ഫോടനസൗന്ദര്യത്തിനു കാരണം എന്നു തോന്നുന്നു. മലയാളകവിതയിലെ പെൺവഴികളെ ഭാഷകൊണ്ടും ഭാവനകൊണ്ടും നവീകരിക്കുകയും സ്ത്രീയവസ്ഥയെ എഴുതുന്നതിൽ സർഗ്ഗാത്മകതയുടെ തീവ്രനിലകൾ പ്രകടമാക്കുകയും ചെയ്യുന്ന രചനകളെക്കുറിച്ചുള്ള ഒരന്വേഷണമാണ് ഈ ലേഖനം. ലിംഗകേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥയ്ക്ക് പ്രഹരം ഏല്പിക്കുന്ന തരത്തിൽ കാമന, ശരീരം, പ്രണയം ഇവയെക്കുറിച്ചുള്ള തുറന്നുപറച്ചിലുകൾ, രൂപപരീക്ഷണങ്ങൾ, ഇവ ഈ അന്വേഷണത്തിന് ഒരു മാനദണ്ഡമായി സ്വീകരിച്ചിട്ടുണ്ട്. ഇവ സമകാല പെൺകവിതകളുടെ ബഹുമുഖങ്ങളിൽ ഒരു വശത്തെ മാത്രമേ സ്പർശിക്കുന്നുള്ളൂ എന്നതും ഓർക്കേണ്ടതാണ്. വായുവിന്റെ കമ്പനങ്ങളെ കീറിമുറിച്ച് സംഗീതം പെയ്തുകൊണ്ട് പാഞ്ഞുപോകുന്ന ഒരസ്ത്രമെന്ന് സ്ത്രീരചനകളെ കാല്പനികമായി അഭിവീക്ഷിക്കുകയുണ്ടായി 'മെഡൂസയുടെ ചിരി'യിൽ ഹെലൻ സിക്സസ്. സ്ത്രീഭാവന എഴുത്തിൽ നിർവ്വഹിക്കുവാൻ പോകുന്ന

സർഗ്ഗവിസ്മയങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ സമകാല പെൺകവിതകളെ സംബന്ധിച്ച് യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. വളരെയധികം വ്യതിരിക്തമായ വ്യക്തിത്വങ്ങളാണ് സ്ത്രീകൾ. ഒരു സ്ത്രീയുടെ ലൈംഗികചിന്തകളെക്കുറിച്ച് ഒരിക്കലും ഒരു പൊതുധാരണയിലെത്താനോ അതിനെ വ്യക്തമായ ഏതെങ്കിലും നിയമസംഹിത യ്ക്കുള്ളിൽ കൊണ്ടുവരാനോ കഴിയില്ല എന്നും അത് നിശ്ചിതമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാൻ കഴിയാത്തതാണെന്നും ഹെലൻസിക്സസ് പറഞ്ഞിട്ടുണ്ട്. 'സ്ത്രീകളുടെ ചിന്താശേഷി അടങ്ങാത്തതാണ്. ചിത്രമെഴുത്തിലായാലും സംഗീതത്തിലായാലും എഴുത്തിലായാലും അവരുടെ ഭാവന അതീതമാണ്. സ്ത്രീപക്ഷരചനാസങ്കേതങ്ങളെ നിർവചിക്കുക അസാധ്യമാണ്. കാരണം പെണ്ണെഴുത്തിന്റെ സമ്പ്രദായങ്ങൾ സിദ്ധാന്തങ്ങൾക്കോ വർഗ്ഗീകരണങ്ങൾക്കോ സൂചകങ്ങൾക്കോ ഒരിക്കലും വഴങ്ങുന്നില്ല. പക്ഷേ അതുകൊണ്ട് അങ്ങനെയൊന്നില്ല എന്ന് അർത്ഥമാകുന്നില്ല. ലിംഗകേന്ദ്രിത സാമൂഹ്യവ്യവസ്ഥയെ നിലനിർത്തുന്ന നിയമസംഹിതകളെ അതിജീവിച്ചുകൊണ്ട് അത് മുന്നോട്ട്പോകും. സൈദ്ധാന്തികമോ തത്ത്വചിന്താപരമോ ആയ നിയന്ത്രണങ്ങളെ മാനിക്കുന്നതോടൊപ്പം മറ്റു മേഖലകളിൽ ഇത്തരം ചെറുത്തുനില്പുകളുണ്ടാവണം. തികച്ചും ബാഹ്യമായ ഇടപെടലുകളിലൂടെ ഒരധികാരസ്ഥാനത്തിനും ഒരിക്കലും ഒന്നിനെയും കീഴടക്കാൻ കഴിയില്ല' എന്ന് അസന്ദിഗ്ദ്ധമായി ഹെലൻസിക്സസ് പറയുകയുണ്ടായി. സമകാല പെൺകവിതകളുടെ അന്തർഭാവങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ ഹെലൻ സിക്സസിന്റെ വാക്കുകൾ ഏറെ വെളിച്ചം പകരുന്നു. സ്ത്രീയെക്കുറിച്ച് പുരുഷലോകം നിർമ്മിച്ചു വെച്ചിരിക്കുന്ന എല്ലാ മുൻവിധികളെയും അവ റദ്ദാക്കുന്നുണ്ട്. തികച്ചും പെൺകവിതകളിലെ വിനിമയസ്വരങ്ങൾ എല്ലാ അധികാരവ്യൂഹങ്ങളെയും മറികടന്നുപോകുന്നുണ്ട്.

കാമനയെയും ശരീരത്തെയും പ്രണയത്തെയും കുറിച്ചുള്ള സൗന്ദര്യാത്മകവും ധൈഷണികവുമായ തുറന്നെഴുത്തുകൾ, വേറിട്ട രീതിയിലാണ് പ്രത്യക്ഷപ്പെടുന്നത്. ബാലാമണിയമ്മ, സുഗതകുമാരി, വിജയലക്ഷ്മി, വി.എം.ഗിരിജ, അനിതാതമ്പി തുടങ്ങിയവർ സൃഷ്ടിച്ച കാവ്യധാരകളെ പുതുക്കുകയോ തിളക്കമുള്ളതാക്കുകയോ ചെയ്യുന്നു സമകാലപെൺകവികൾ. സ്ത്രീയവസ്ഥയുടെ ഗാഢവും ദീപ്തവുമായ ഉദീരണങ്ങളായിരുന്നു ബാലാമണിയമ്മയുടെ കവിതകൾ. ഭാവനയെ, ഭാഷയെ വിമോചനത്തിന്റെ പ്രകാശനങ്ങളാക്കി ബാലാമണിയമ്മയെങ്കിൽ പ്രകൃതിയെയും സ്ത്രീയെയും കുറിച്ചുള്ള ഉള്ളുലക്കുന്ന ഭാവഗീതങ്ങളിലൂടെ വൈകാരികപ്രതികരണങ്ങൾ സൃഷ്ടിക്കാൻ സുഗതകുമാരിക്ക് കഴിഞ്ഞു. 'ഉള്ളുലയ്ക്കുമീ ഭാഷയ്ക്കില്ലൊരക്ഷരമാല' എന്നു പരിതപിച്ച വിജയലക്ഷ്മി താത്ത്വികവും അനുഭൂതിസാന്ദ്രവുമായ കാവ്യവഴിയിലൂടെ സ്ത്രീവസ്ഥയെ ചിത്രണം ചെയ്തു. യോഗാത്മകമായ അനുഭൂതികളിലേക്കാണ് വി.എം.ഗിരിജ സഞ്ചരിച്ചത്. സ്ത്രൈണഭാവുകത്വത്തിന്റെ വേറിട്ടസ്വരമാണ് അനിതാതമ്പിയിൽ നാം കേട്ടത്. ധിഷണാപരത അവരുടെ കവിതകൾക്ക് ഏറെ ആഴം നൽകി. പെൺകവിതയുടെ ചരിത്രത്തെ വൈവിധ്യവൽക്കരിച്ച ഇവരിൽ നിന്ന് ബഹുദൂരം കവിതയെ മുന്നോട്ടു നയിക്കാൻ സമകാലപെൺകവിതകൾക്കു കഴിഞ്ഞിട്ടുണ്ട് എന്നു പറയാം.

## കാമനകളുടെ പ്രകൃതിലാവണ്യം

പെൺകവിതയുടെ ചരിത്രത്തെ ഭാവനകൊണ്ടും ഭാഷകൊണ്ടും നവീകരിക്കാൻ കഴിഞ്ഞ കവികളിലൊരാളാണ് ചിത്തിരകുസുമൻ. കാമനയെയും ശരീരത്തെയും കുറിച്ചുള്ള തുറന്നെഴുത്തിന്റെ ഉ◌ാദനിലകളാണ് ഈ കവിയുടെ രചനകളുടെ പ്രത്യേകത. പരാജിതയായ സ്ത്രീയുടെ അതിജീവനേച്ഛകളും തുടിമുഴങ്ങുന്ന പ്രകൃതിഭാവങ്ങളും ശരീരകാമനകളും ചിത്തിരയുടെ കവിതകളെ തീവ്രാനുഭവമാക്കുന്നു. തത്ക്ഷണപ്രതികരണങ്ങളുടെ മിന്നലൊളി നിറഞ്ഞ കാവ്യസമാഹാരമാണ് ചിത്തിരയുടെ 'പ്രഭോപരാജിതനിലയിൽ'. ടാഗോറിന്റെ ഗീതാഞ്ജലിക്ക് മഹാകവി 'ജി'യുടെ വിവർത്തനത്തിലെ 'പ്രഭോപരാജിതനിലയിൽ' എന്ന പദം തന്റെ കവിതാസമാഹാരത്തിന് ശീർഷകമായി നൽകിക്കൊണ്ട് സ്ത്രീയുടെ സർഗ്ഗസംഘർഷങ്ങളെ ശക്തമായി വ്യഞ്ജിപ്പിക്കുന്നു കവി. "അതു നിരാശാജനകമായ ഒരു പദമായിട്ടല്ല മറിച്ച് പാടണമെന്നും പറയണമെന്നും തോന്നുന്നതൊന്നും ചെയ്യാനാകാതെ ആ അനശ്വരഗാനത്തിന്റെ നിരന്തരമായ വലയിൽ വീണുപോകുന്ന ഒരുത്തിയുടെ മനോഹരമായ വിഷാദലിലേക്ക് മൂക്കുംകുത്തി വീണതുകൊണ്ടാണ് ഒറ്റചിന്തയിൽ ആ പേരുമതി എന്നു തീരുമാനിച്ചത്." (പ്രഭോപരാജിതനിലയിൽ, ആമുഖം).

'പാടണമെന്നുണ്ടീരാഗത്തിൽ

പാടാൻ സ്വരമില്ലല്ലോ

പറയണമെന്നുണ്ടെന്നാലതിനൊരു

പദംവരുന്നീലല്ലോ

പ്രാണനുറക്കെക്കേണിടുന്നു

പ്രഭോപരാജിതനിലയിൽ'

എന്ന ഗീതാഞ്ജലീപദ്യം സ്ത്രീയവസ്ഥയിലേക്ക് അന്വയിക്കുകയാണ്. കാമനകളെ ചിത്രണം ചെയ്യാൻ പൗരാണികമിത്തുകളെ അവലംബമാക്കിയിരുന്ന മുൻകാല പെൺകാവ്യവഴികളിൽ നിന്ന് ചിത്തിര വഴിമാറി നടക്കുകയാണ്. വിശ്വസാഹിത്യത്തിലെ ഒരു വിഗ്രഹമായിത്തീർന്ന കവിതയിൽ നിന്ന് സ്വീകരിച്ച ഈ പ്രയോഗത്തിന്, അതിന്റെ യോഗോത്മകപ്രഭാവം ഉപേക്ഷിക്കാതെ തന്നെ സ്ത്രൈണസത്തയെ ആവാഹിക്കാൻ കഴിയുന്നു എന്നു പറയാം.

വന്യബിംബങ്ങളിലൂടെയുള്ള സ്ത്രീസ്വത്വാവിഷ്ക്കാരം ചിത്തിരയുടെ കവിതകൾക്ക് ശബളഭാവമണയ്ക്കുന്നു. കാടിനെ അതിലെ ജൈവൈവിധ്യത്തെ പെണ്ണിലേക്കും പെണ്ണിനെ കാടിലേക്കും അന്വയിക്കുന്ന പാരിസ്ഥിതികസ്ത്രീവാദത്തിന്റെ മിന്നൽ പ്രഭയുള്ളൊരു കവിതയാണ്, 'ഞാൻ വസന്തത്തിന്റെ കൂട്ടുകാരി'. സ്ത്രീ സർഗ്ഗാത്മകതയുടെ പുതിയ ഭാവവും ഭാഷയും ഇതിൽ ദർശിക്കാം.

'ഞാൻ ഒരു മുഴുവൻ കാട്

(വന്നു വീഴുന്നൊരു തീപ്പൊരിക്കും

ആളിക്കത്താനിടമില്ലാതിരിക്കരുത്)

എന്ന് കവിതയുടെ തുടക്കം. ചുവപ്പൻ പൂക്കളുടെ ഒരു പൂക്കൊട്ടയേറ്റി നിൽക്കുകയാണവൾ. അവിടെ നിന്ന് ഇടംവലം പിരിഞ്ഞ് ആയിരം പിരിവള്ളികൾ, കാട്ടുഞരമ്പുകളിൽ ഉറവകൾ പൊട്ടിയൊഴുകുന്ന ലഹരിച്ചാലുകൾ, നാഗങ്ങളരഞ്ഞാണം ഞാൻ കണ്ട് ഞാൻ തന്നെ തീണ്ടുന്ന വിഷസ്വപ്നങ്ങൾ. എന്റെയിരുണ്ട പച്ച അവസാനിക്കാത്തൊരാലിംഗനം, മണ്ണടരുകളിൽ ഫോസിലുകളായി ചിത്രങ്ങൾ, പൊഴിഞ്ഞുവീഴുന്നവ ചുംബനങ്ങൾ ഗന്ധങ്ങൾ, നനഞ്ഞ ദേഹത്ത് അടക്കിവെച്ചിരിക്കുന്ന വീർപ്പുമുട്ടലുകൾ, വെയിലിനെ അകം കാണിക്കാത്ത തണുപ്പ്, എന്നിങ്ങനെ പ്രകൃതികല്പനകളിലൂടെ സ്ത്രീ കാമനകളുടെ നിബിഡത ചിത്രീകരിക്കുന്നു. സ്ത്രീ-പ്രകൃതിഅഭേദകല്പനയ്ക്ക് പുതിയ ഭാവവും ഭാഷയും സൃഷ്ടിക്കുന്നു കവി. സ്ത്രീ കാമനകളുടെ സർഗ്ഗലാവണ്യത്തിന്റെ അചുംബിതത്വം എന്നു പറയാം. പ്രകൃതി സമീകരണത്തിന്റെ കാവ്യചാരുത 'ഉടൽ പൂത്തുമലർന്ന നാൾ' എന്ന കവിതയിലും കാണാം. പെണ്ണുടലിനെ ഇക്കോളജിക്കൽ ഭാവനയിലൂടെ അവതരിപ്പിക്കുന്നു.

'അടിവയറ്റിൽ നൂറ്റാണ്ടുകൾ പഴക്കമുള്ളൊരു കാവുണ്ട്

അവിടെയാരും അന്തിത്തിരി കൊളുത്താറില്ല

അതിനകം കണ്ടവരാരുമില്ല

അവിടെ പൂത്തും പിണഞ്ഞും പടർന്നും

വളർന്ന വ:രങ്ങളുണ്ട്'

എന്നിങ്ങനെ സ്ത്രൈണസത്തയുടെ അസ്പൃശ്യതയെ എഴുതിത്തുടങ്ങുന്നു കവി. മരങ്ങൾ, വന്യജീവികൾ, പക്ഷികൾ, ചിത്രശലഭങ്ങൾ, മത്സ്യങ്ങൾ, തവളകൾ, ജലാശയങ്ങൾ തുടങ്ങി പ്രകൃതി-ജൈവവൈവിധ്യശൃംഖലകളെ കോർത്തിണക്കിക്കൊണ്ട് സ്ത്രീയുടെ പ്രകൃതിസഹജമായ കാമനകളെ ഇന്ദ്രിയാനുഭവമാക്കി മാറ്റുന്നു.

'കാൽവിരൽ വെള്ളത്തിൽ മുട്ടിച്ചിരിക്കയാണ്

എന്തൊക്കെയോ വന്നു തൊട്ടുപോകുന്നു

തണലിന്റെ ഇരുട്ടിന്റെ ഈർപ്പത്തിന്റെ

യു:ാദത്തിന്റെ നട്ടെല്ലിലൂടെയൊരു തണുപ്പ് കേറുന്നു'

എല്ലാ കെട്ടുപാടുകളിൽ നിന്നും സ്വയം മോചിപ്പിച്ചുകൊണ്ടുള്ള സ്വാതന്ത്ര്യപ്രഖ്യാപനം പ്രകൃതിബിംബങ്ങളിലൂടെ ആഴത്തിൽ കൊത്തിവയ്ക്കുകയാണ് കവി. കേവലം 'തടി'യായി പുരുഷൻ കരുതുന്ന സ്ത്രീശരീരം തന്റെ യാഥാർത്ഥ്യത്തെ തുറന്നുപറയുന്നത് ശരീരം എന്ന കവിതയിൽ വായിക്കാം.

'നിങ്ങളുപറയുമ്പോലെ എന്റെ ശരീരം

എന്റെ സ്വാതന്ത്ര്യമല്ല

ഞാനങ്ങനെയെങ്ങാൻ പറഞ്ഞാൽ

അത് ശുദ്ധതട്ടിപ്പാണ്

എന്റെ ശരീരം വഴക്കംവന്ന ഒരു നായ്ക്കുട്ടിയാണ്

അതെന്നെ തുടർച്ചയായി വിശ്വസിക്കുന്ന

ഒരേയൊരു വസ്തുവാണ്

എന്റെ ശരീരം അതിന്റെ അവസ്ഥകൾ പറയും

ആഗ്രഹങ്ങൾ, അടക്കിവെക്കലുകൾ, ആഹ്ലാദങ്ങൾ

വേദനകൾ, ആവശ്യങ്ങൾ'

അത്രമേൽ സ്വകാര്യമായ സ്ത്രീയുടെ ഉടലവസ്ഥകളെ ജൈവബിംബങ്ങളിലൂടെ അവതരിപ്പിക്കുന്നതിലെ നവ്യഭാവുകത്വമാണ് ചിത്തിരകുസുമന്റെ കവിതകളെ വ്യത്യസ്തമാക്കുന്നത്. 'ഉടൽ, അത്ര സ്വകാര്യമല്ലാത്ത ഒരിടം'മെന്ന പേരുള്ള കവിതയിലെ ചിത്രണകൗശലം ശ്രദ്ധേയമാണ്. 'നട്ടുച്ചയ്ക്ക് കുളപ്പച്ചയിലെന്നപോലെ തികച്ചും സാധാരണമായ ചില ചിന്തകളിൽ സ്വയം പൊങ്ങിക്കിടക്കുന്ന ഒരാമ പേടിയുടെ ഉൾവലിയലുകളിൽ വെറും പുറന്തോടാകുന്നു, പരിഭവങ്ങൾ കൊണ്ടു വലനെയ്യുകയും സ്നേഹം കൊണ്ടു കണ്ണുകാണാത്തയാരാനും വന്നുചേരാതിരിക്കില്ലെന്ന് ചാറ്റ് വിൻഡോകളിൽ കിനാവുകാണുകയും ചെയ്യുന്ന ഒരു ചിലന്തി, പറഞ്ഞതൊക്കെയും ശരിയാണെന്നു ചിലയ്ക്കുന്ന ഡിസ്കഷനുകളിൽ എന്നും വാൽമുറിക്കുന്നൊരു പല്ലി, എന്റെയുടലിൽ ഒരു മയിൽ മഴയിലേക്കെന്നു മാറുയർത്തുന്നു, വെബ്ക്യാമിനു മുന്നിൽ പീലിവിടർത്തുന്നു, ഒരു കാക്ക ഹോട്ടൽ മേശകളിൽ കൊത്തിപ്പെറുക്കുന്നു ടിഷ്യൂപേപ്പറുകളിൽ തൂവൽ മിനുക്കുന്നു, എന്റെ പ്രജ്ഞയ്ക്കു ചുറ്റും പണിതു കൊണ്ടിരിക്കുന്നു ധ്യാനത്തിലെന്നവണ്ണം ഒരു ചിതൽ, ഉണ്ടെന്നു കരുതുന്ന കൂടുപൊട്ടിക്കാൻ ശ്രമിച്ച് ചിറകുകുഴക്കുന്നു ഫോട്ടോഫ്രെയിമിലെന്നപോലൊരു ശലഭം'. എന്നിങ്ങനെ വിസ്തൃതബിംബങ്ങളിൽ സ്ത്രീയുടെ ഉടൽവാസവ്യവസ്ഥയുടെ ഗണിതം കുറിക്കുന്നു. ഇതെല്ലാമറിഞ്ഞിട്ടും 'എന്റെയുള്ളിലെ മനുഷ്യൻ മാത്രം എന്തിനാണ് ഇങ്ങനെ ആത്മരതിപ്പെടുന്നത്' എന്ന ആത്മവിമർശനം കവി ഉന്നയിക്കുന്നുണ്ട്. സ്ത്രീവിമോചന ആശയങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത സ്ത്രീയവസ്ഥയെ ക്കുറിച്ചുള്ള ഒരു സംവാദമായി കവിത പരിവർത്തനം കൊള്ളുന്നുണ്ട്. പീഡിതമായ സാഹചര്യങ്ങളിൽ കഴിയുന്ന സ്ത്രീകളിലേക്ക് തന്റെ സ്വത്വാന്വേഷണങ്ങളെ വിന്യസിക്കാൻ കവി തയ്യാറാകുന്നു. സഹാനുഭൂതിയുടെയും സഹജാവബോധത്തിന്റെയും ദീപ്തി ചിത്തിരയുടെ കവിതയ്ക്ക് ഏറെ സാമൂഹികമൂല്യം നൽകുന്നു. കുടുംബത്തിൽ, അടുക്കളയിൽ നഗരത്തിരക്കിൽ, പൊതുവാഹനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകളുടെ ദീനതകളെ കവി പിന്തുടരുന്നു. 'ചരിത്രത്തോടും അവനവനോടും ചെയ്യാതിരിക്കാൻ നിവൃത്തിയില്ലാത്ത ചില നീതികേടുകൾ' എന്ന കവിതയിൽ സ്ത്രീയുടെ സാമൂഹികവും വൈയക്തികവുമായ ബന്ധനങ്ങളെക്കുറിച്ച്, സ്വത്വനഷ്ടത്തെക്കുറിച്ച് നിരലങ്കൃതമായി എഴുതുന്നുണ്ട്. ബുദ്ധിജീവിതം നയിക്കുന്ന കവി, സിറ്റി ബസ്സിൽ വിൻഡോസീറ്റിൽ ആലോചനയിൽ മുഴുകിയിരിക്കവെ, ഏതോ സ്റ്റോപ്പിൽ നിന്ന് ഓടിക്കേറി വന്ന ഒരു ചേച്ചി അരികിൽ വന്നിരിക്കുമ്പോൾ, അവരുടെ കിതപ്പിന്റെ താളത്തിലേക്ക് തന്റെ മനസ്സിനെ വിട്ടുകൊടുക്കുന്നതിന്റെ അനുഭവം ഈ കവിതയിൽ വിവരിക്കുന്നുണ്ട്.

'നീട്ടിവെച്ച കൈത്തണ്ടയിൽ കുളിക്കിടയിലോ

മറ്റോ ഒട്ടിച്ചുവെച്ച ഒരു സ്റ്റിക്കർപൊട്ട്

ഞാനത് അവർക്ക് ചൂണ്ടിക്കാണിച്ചു

അവർ വല്ലാതെ നാണിച്ച് അത് വിരൽത്തുമ്പിലെടുത്ത്

ഇനിയെന്തു ചെയ്യണമെന്നറിയാതെ

വിരലുകളിൽ മാറ്റിമാറ്റി ഒട്ടിച്ചുകൊണ്ടിരുന്നു

അവരുടെ നഖങ്ങൾ പൊട്ടിയും

വിരലുകളിൽ തൊലി പൊളിഞ്ഞുമിരുന്നു

എന്റെ നോട്ടത്തിനറ്റത്ത് അവ പലതരം

സ്ക്രബ്ബറുകളെ, സോപ്പുബാറുകളെ

അഴുക്കില്ലാത്ത പാത്രങ്ങളെ, തുണികളെ

അങ്ങനെ വെളുത്ത്

കഞ്ഞിപ്പശമുക്കിയ ഒരു ലോകത്തെക്കുറിച്ചുള്ള

ഒരു പാട്ടിനൊത്ത് നൃത്തംചെയ്തും

എനിക്ക് അവരുടെ വിരലുകളിൽ

ചുംബിക്കണമായിരുന്നു'

ഇങ്ങനെ സ്ത്രീയവസ്ഥയെ സഹജാവബോധത്താൽ പിന്തുടരുന്ന കവിയെ ദൈന്യതകൾ വീർപ്പുമുട്ടിക്കുന്നു. അതിന്റെ ഓർമ്മകൾ സൃഷ്ടിക്കുന്ന വേപഥു, രേഖപ്പെടുത്തിവയ്ക്കുക എന്ന ശീലം കൊണ്ടുമാത്രം എഴുതിപ്പോന്നവ, അതാണ് തന്റെ കവിതയെന്നും കവി സാക്ഷ്യപ്പെടുത്തുന്നു. 'ഒരിക്കലും തന്റെ കുഞ്ഞുങ്ങളോട് ഈ ഓർമ്മകളൊന്നും ഞാൻ പറയില്ല' എന്ന പ്രസ്താവനയും സ്ത്രൈണനൊമ്പരങ്ങളുടെ അച്ചുംബിതതത്വത്തെ അനുഭവപ്പെടുത്തുന്നു.

സ്ത്രീയുടെ നോവിനെ വാഴ്വിനെ കാമനകളെ ശരീരത്തെ അതിജീവനശ്രമങ്ങളെ ആർജ്ജവത്തോടെയും ആത്മാർത്ഥതയോടെയും എഴുതുകയാണ് ചിത്തിരകുസുമൻ. ഇണജീവിതത്തിൽ സ്ത്രീ സ്വയം മെരുങ്ങുകയും ഒരിറ്റുസ്നേഹത്തിൽ ഒരു സ്പർശത്തിൽ തരളിതയാവുകയും ചെയ്യുന്നതിനെക്കുറിച്ചുള്ള കവിതകളിലൊന്നാണ്, 'ഞാൻ, നീ നീഞാനെന്ന് വീണ്ടും' എന്ന കവിത. ശീതസമരങ്ങൾ പെരുകുന്ന നാഗരികദാമ്പത്യത്തിന്റെ അതിഗംഭീരമായ കാവ്യഭാഷണം. അവന്റെ സുരക്ഷിതവലയത്തിൽ നിന്ന് ഒരു മാളത്തിൽ നിന്നെന്നവണ്ണം പുറത്തുകടക്കാൻ ഇച്ഛിക്കുന്നു അവൾ. എങ്കിലും അവന്റെ യാത്രാവഴികൾ അവസാനിക്കാനുള്ള ഇടമായി തന്നെ സദാ ഒരുക്കിവയ്ക്കാനേ അവൾക്കാകുന്നുള്ളൂ. താനെന്ന സ്വാതന്ത്ര്യത്തിന്റെ പട്ടത്തിന്റെ ചരട് എപ്പോഴും അവന്റെ കയ്യിലെന്ന് തന്റെ പാരതന്ത്ര്യത്തെ തിരിച്ചറിയുന്നു. പരസ്പരം വിദ്വേഷികളായി കാണികളില്ലാത്തൊരു നാടകത്തിൽ അഭിനയിക്കുന്നവരായി അവർ മാറുന്നു. മുനയുള്ള നോട്ടം കൊണ്ടു പരസ്പരം മുറിപ്പെടുത്തുന്നു. എന്നാൽ എപ്പോഴോ അവന്റെയൊരു സ്പർശനത്തിൽ ആർദ്രയാകുന്നു അവൾ. പൊടുന്നനെ എന്റെയെന്റെയെന്ന ശപഥം മറന്ന്

'അവനൊരു കംതിലും ഞാനൊരു

മുക്കുറ്റിച്ചെടിയുമാകുന്നു

പൊടുന്നനെ അവനൊരുപൊത്തോ-

മാളമോ ആയി രൂപാന്തരപ്പെടുന്നു

ഞാൻ അതിനുള്ളിലേക്ക് എന്റെയുടലിനെ

ഒതുക്കിവയ്ക്കുന്നു'

പ്രകൃതിസഹജമായ ആർദ്രതയാണ് സ്ത്രീകാമനകൾ എന്നും, ഈ ആർദ്രതയും ഒതുങ്ങലും കുറുകലും സമർപ്പണവുമാണ് പുരുഷാധികാരവ്യവസ്ഥയ്ക്ക് ഗുണകരമായി ത്തീരുന്നതെന്നുമുള്ള തിരിച്ചറിവും ഈ കവിത പങ്കുവയ്ക്കുന്നു. സ്ത്രീയുടെ അതിജീവനത്തിന്റെ ചലനഭാഷ കവി നന്നായി പിടിച്ചെടുക്കുന്നുണ്ട്. ഒറ്റയ്ക്കുള്ള ജീവിതത്തെ ജീവിതവ്യമാക്കുന്ന പെണ്ണിന്റെ ചലനമാകെ സംഗ്രഹിക്കുന്ന, ഗാർഹികാന്തരീക്ഷം ചിത്രീകരിക്കുന്ന കവിതയാണ്, 'രണ്ടുപേർ പങ്കെടുക്കേണ്ട കളി തനിച്ചുകളിക്കുകയാണ്'.

'ഒറ്റയാത്രയിലും തനിച്ചാവില്ല

ഒറ്റനേരത്തുമൊറ്റക്കാവില്ല

തോറ്റാലും ജയിച്ചാലും ഞാൻ തന്നെ

കീഴ്പെടുന്നതും കീഴടക്കുന്നതും ഞാൻ തന്നെ

രണ്ടുപേർ പങ്കെടുക്കേണ്ടുന്ന ഒരു കളി

തനിച്ചുകളിക്കുകയാണ്'

അതിജീവിതയുടെ കാമനകളെ അതിസാധാരണമായി എഴുതുകയാണ് ചിത്തിരകുസുമൻ, മേതിൽ രാധാകൃഷ്ണൻ ചൂണ്ടിക്കാട്ടിയ പോലെ 'വല്ലാത്ത സാധാരണതയാണ് ചിത്തിരയുടെ കവിതയുടെ പ്രത്യേകത. ഒരു നാട്ടുകാര്യം പറച്ചിലിന്റെ അപ്പുറത്തേക്ക് പോകണമെന്ന ശാഠ്യമില്ല,

ആഖ്യാനനിഷ്കർഷയിൽ'. ശരീരാവസ്ഥകളെ, ഇച്ഛയെ കാല്പനികമെന്നതിനേക്കാൾ പ്രകൃതിവാദപരമായി എഴുതുന്നു. 'തുറന്നിട്ട ജനലിലൂടെ വിടർത്തിയിട്ട തഴപ്പായപോലെ വെയിൽകയറിവരുന്നു' എന്നത് 'ഊരിമാറ്റി വയ്ക്കാൻ പറ്റാത്തതും ഇടയ്ക്കിടെ സ്വയം മുറിവേല്പിക്കുന്നതുമായ ആയുധങ്ങളായി ഓർമ്മകൾ മാറുന്നതെങ്ങനെയെന്നാൽ' എന്ന കവിതയിൽ ഈ കവി ഉപയോഗിച്ച പ്രകൃതിബിംബങ്ങളിൽ ഒന്നാണ് സ്ത്രീജീവിതത്തെ എഴുതുന്നതിൽ ചിത്തിരയുടെ കവിതകൾ പുലർത്തുന്ന പ്രകൃതിമാർഗ്ഗത്തെ ഈ ബിംബം നന്നായി അടയാള പ്പെടുത്തുന്നുണ്ട്. പെണ്മയുടെ ഉണ്മകളെ ചിത്രണം ചെയ്യുന്നതിലെ സുതാര്യതയും ആർജ്ജവവും ഈ കവിയുടെ രചനകളെ സമകാല പെൺകവിതയിൽ വേറിട്ടതാക്കുന്നു. കാമന, ശരീരം ഇവയുടെ ആഖ്യാനത്തിൽ മുൻകാലകവികൾ പിന്തുടർന്ന അതികാല്പനികവും പുരാബിംബസമൃദ്ധവുമായ മാർഗ്ഗങ്ങളെ റദ്ദാക്കിക്കൊണ്ട് സ്ത്രീയവസ്ഥയുടെ യാഥാർത്ഥ്യങ്ങളെ സംഗ്രഹിക്കാൻ ശേഷിയുള്ള ഒരു കാവ്യശാസ്ത്രം ചിത്തിരകുസുമന്റെ കവിതകളിൽ രൂപം കൊള്ളുന്നത് നാം അറിയുന്നു.

## കാമനകളുടെ നിഗൂഢലിപികള്

കാമന, ശരീരം, പ്രണയം ഇവയെ തുറന്നെഴുതുന്നതിന്റെ ആഹ്ലാദങ്ങളും സംഘർഷങ്ങളും ഭാവനവ്യതയോടെ പ്രത്യക്ഷപ്പെടുന്നുണ്ട് ബിന്ദുകൃഷ്ണന്റെ കവിതകളിൽ. അധീരയും സ്നേഹതരംഗങ്ങളുടെ ദൈർഘ്യത്തെ അളക്കുന്നതിൽ പരാജയപ്പെടുന്നവളുമായ ഒരുവളുടെ സ്വത്വത്തെ ബിന്ദുകൃഷ്ണന്റെ കവിതകളിൽ നാം കണ്ടുമുട്ടുന്നു. 'ഒന്നായിക്കഴിഞ്ഞ നമ്മൾ അടുക്കുന്നതെങ്ങനെ അകലുന്നതെങ്ങനെ എന്ന് ആശങ്കപ്പെടുന്ന പെണ്ണ്. നെടുവീർപ്പിന്റെ ഗന്ധകഗന്ധം ഗന്ധമായി അണിഞ്ഞവൾ. കാമനകളിൽ വിരിയുന്നത് കറുത്തപൂക്കളെന്നറിയുന്നവൾ എന്നിങ്ങനെ സ്ത്രീയവസ്ഥയെ പലമട്ടിൽ ആവിഷ്ക്കരിക്കുന്നുണ്ട് ഈ കവി. ശാസ്ത്രത്തിൽ നിന്നും സങ്കേതങ്ങളും പ്രക്രിയകളും കവിതയിലേക്കു അന്വയിക്കുന്ന രീതി ശാസ്ത്രകാരിയായ കവി പിന്തുടരുന്നതുകാണാം. ഇത് കവിതയിലെ ബിംബസന്നിവേശത്തിന് കൃത്യതയും സൂക്ഷ്മതയും നൽകുന്നു. സാങ്കേതികയുഗത്തിനിണങ്ങുന്ന ഒരു കാവ്യരീതി ഇതിലൂടെ സൃഷ്ടിക്കുന്നുണ്ട് കവി. ബഹിരാകാശസഞ്ചാരികൾ കരഞ്ഞാൽ കണ്ണീരിനെന്തു സംഭവിക്കും എന്ന ചോദ്യത്തിലാരംഭിക്കുന്ന 'ബഹിരാകാശസഞ്ചാരികൾ കരയുമ്പോൾ' എന്ന കവിതയിൽ സഹജവാസനകൾ അമർത്തിവെച്ച് യന്ത്രമായി ജീവിക്കുന്ന സ്ത്രീയവസ്ഥയിലേക്ക് ബന്ധിപ്പിക്കുന്ന രീതി കാണാം.

'ആരും കാണാക്കവചങ്ങൾക്കുള്ളിൽ

കുടുങ്ങിമരിക്കുന്ന ചുംബനങ്ങളുമായി

തുളുമ്പാതെ കണ്ണുനീരിനെ തടഞ്ഞ്

അങ്ങനെ ചില ആന്തരിക സഞ്ചാരികളുണ്ട്

നമുക്കിടയിലൊക്കെയങ്ങനെ

ഇല്ലാത്ത വായുവിലൂടെ

മെല്ലെ ഒഴുകി നടക്കുന്നവർ'

എന്നത് ഏകാകിനികളുടെ അവസ്ഥയുടെ അതിശക്തമായ വ്യഞ്ജകമാകുന്നു. അതുപോലെ ജി.പി.എസ്. സംവിധാനത്തെ ബിംബമാക്കി സ്നേഹത്തെ നിർവചിക്കാൻ ശ്രമിക്കുന്നു ജി.പി.എസ് എന്ന കവിതയിൽ

'സ്നേഹിക്കുമ്പോൾ നിങ്ങൾ ഒരുപഗ്രഹമായി മാറുന്നു

ഓരോ നിമിഷവും ഭൂമിയിൽ

ഏത് സ്ഥലത്താണെന്ന്

മനസ്സുകൊണ്ടളന്ന് പിന്തുടരുന്ന

ഒരു സാറ്റലൈറ്റ്'

ഇങ്ങനെ, സ്ത്രീയവസ്ഥയെക്കുറിച്ച് ബിന്ദുകൃഷ്ണൻ സൃഷ്ടിക്കുന്ന ബിംബങ്ങൾ കൃത്യതയും സൂക്ഷ്മതയും വിചക്ഷണതയും തികഞ്ഞവയാണ്.

'തൊട്ടാവാടികൾ

ആരെയും വിശ്വസിക്കാറില്ല

എന്നെന്നേയ്ക്കുമായി

വാടിപ്പോകാറുമില്ല (തൊട്ടാൽ വാടരുത്)

എന്ന പ്രഖ്യാപനം പെൺകവിതയ്ക്ക് പകർന്ന നവോന്മേഷം ചെറുതായിരുന്നില്ല. പുരുഷാധികാരലോകത്തിന്റെ ഭോഗാസുകമായ നോട്ടങ്ങളെ അതിജീവിച്ച് ആത്മവിശ്വാസത്തോടെ സാമൂഹികജീവിതം നയിക്കാൻ സജ്ജയാകുന്ന സ്ത്രീയെക്കുറിച്ച് 'ചമയങ്ങൾ' എന്ന കവിതയിൽ കവി എഴുതുന്നു. സ്ത്രീകളുടെ ചമയങ്ങൾ അതിജീവനത്തിന്റെ രൂപകങ്ങളാണ്.

'സ്ത്രീകളുടെ ചമയങ്ങൾ

നിങ്ങൾ കരുതുംപോലെ

അത്രലളിതമല്ല

അവ രൂപകങ്ങളാണ്

ഒരുപാട് ധ്വനികളും

അന്തരാർത്ഥങ്ങളും ഉള്ളവ

കൺമഷി ഒരു മറയാണ്

തന്റെ തകർച്ചകൾ

സമൂഹം അറിയരുതെന്നു കരുതുന്ന

സ്ത്രീയുടെ മറ

ഞാൻ സാധാരണ നെറുകയിൽ

സിന്ദൂരം ചാർത്താറില്ല

പക്ഷേ ചില പുരുഷസദസ്സുകളിൽ

അതൊരു സഹായമാണ്

മുട്ടിനോക്കേണ്ട

പതിവ്രതയാണ്

എന്നൊരു അപായസൂചന'

എന്നിങ്ങനെ ഒളിഞ്ഞും തെളിഞ്ഞും സ്ത്രീയുടെ ഉടലിലും ഉയിരിലും മിന്നിമായുന്ന നിഗൂഢലിപികളെ വൈയക്തികവും സാമൂഹികവുമായ വ്യക്തതയോടെ വായിച്ചെടുക്കുന്നു. സ്ത്രീയവസ്ഥയുടെ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റമായി ബിന്ദുകൃഷ്ണന്റെ കവിതകൾ പ്രവർത്തിക്കുന്നു.

ഒരുപാട് വേവലാതികൾക്കിടയിൽ, സാധാരണജീവിതത്തിന്റെ തിരക്കുകൾ ക്കിടയിൽ രൂപപ്പെടുന്നതാണ് തന്റെ കവിതയെന്ന് കവി സാക്ഷ്യപ്പെടുത്തുന്നുണ്ട്. 'കവിത' എന്നുപേരുള്ള രചന പെണ്ണെഴുത്തിന്റെ സംഘർഷങ്ങളിലേക്ക് തുറക്കുന്ന വാതിലാണ്. കവിസ്വത്വത്തെ ബഹളങ്ങൾക്കിടയിൽ നിന്ന് സ്വയം തെരഞ്ഞുപിടിച്ച്, ആരുമറിയാതെ ആവാഹിച്ച് തിടുക്കത്തിൽ പകർത്തുന്ന വാക്കുകൾ, ആ തിടുക്കവും സംഭ്രമവു മുണ്ടെങ്കിലും വിദ്യുത്തരംഗങ്ങളായി മാറുന്ന തത്ത്വചിന്തകൾ, നിരീക്ഷണങ്ങൾ, വെളിപാടുകൾ ഒക്കെ ബിന്ദുകൃഷ്ണന്റെ കവിതകൾക്ക് പ്രഹരശേഷി നൽകുന്നു. സാമൂഹികജീവിതത്തിൽ സ്ത്രീ നേരിടുന്ന അവകാശലംഘനങ്ങൾക്കും നീതിനിഷേധങ്ങൾക്കുമെതിരെ അമർത്തിയ രോഷം ഈ കവിതകൾക്ക് പ്രതിരോധസ്വരം നൽകുന്നു. അത്ര ലളിതമല്ല ജീവിതമെന്നറിയുന്നവളാണ് കവിതകളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീ. കണ്ണുകെട്ടിയ നീതിപീഠങ്ങൾക്കുമുന്നിൽ നിന്ന്, നീതി നിഷേധിക്കപ്പെട്ട പെൺകുഞ്ഞുങ്ങളെ എടുത്തുയർത്തി സ്വർഗ്ഗത്തിലേക്കു പറക്കാൻ ആഗ്രഹി ക്കുന്നവളായും, 'ഒരു ഞൊടിയിൽ ഒരു വിള്ളലിൽ ഒളിക്കാൻ കഴിയുന്ന, ഭയക്കും തിളക്കമായ് സ്വപ്നങ്ങളിൽ പുളയാൻ കഴിയുന്ന, ഒരു ജന്മത്തിൽ ഒരാളെ മാത്രം സ്പർശിക്കിലും ഒറ്റ ദംശത്തിൽ ജീവിതമാകെ മാറ്റിമറിക്കാൻ കഴിയുന്ന ഒരു സർപ്പമായ് പിറക്കാനാഗ്രഹിക്കുന്നവളാണ് ബിന്ദുവിന്റെ സ്ത്രീകൾ. സാമൂഹികാനുഭവങ്ങൾ സ്ത്രീയെ ഉന്മാദിനിയാക്കുന്നതിന്റെ ചിത്രീകരണം. അർത്ഥരാഹിത്യങ്ങളും അഹന്തകളും നിറയുന്നലോകമാണിതെന്ന് കവി തിരിച്ചറിയുന്നു. പല പോസിൽ സെൽഫികളെടുത്തു ലോകത്തിനു കാഴ്ചവയ്ക്കുന്ന, എല്ലാം സ്നാപ്പിലാക്കി അഹന്തകാട്ടുന്ന, ദുരന്തങ്ങളെപ്പോലും വളിച്ച

തമാശയാക്കിമാറ്റുന്ന വെർച്വൽകാലത്തിന്റെ മടുപ്പാണ് വെർച്വൽ വാനപ്രസ്ഥം എന്ന കവിത. സ്ത്രീയുടെ വൈയക്തികാനുഭവത്തെയും സാമൂഹികാനുഭവത്തെയും ഒരു പോലെ പിന്തുടരുന്നു ബിന്ദുകൃഷ്ണൻ. ആകുലതകളെയും ഉ◌ാദനിലകളെയും മാത്രമല്ല ശരീരം വിമോചനത്തിനുള്ള സർഗ്ഗാത്മകമാധ്യമമാകുന്നതിനെക്കുറിച്ചുള്ള ഭാവസാന്ദ്രമായ നിരീക്ഷണങ്ങളും ഈ കവി പങ്കുവയ്ക്കുന്നു. 'മൈലാഞ്ചിയമ്മ' അത്തരം രചനകളിലൊന്നാണ്. സൃഷ്ടിയുടെ സാമഗ്രിയായും പരിപാലനത്തിനുള്ള മാധ്യമമായും പുരുഷഭോഗത്തിനുള്ള ഉപകരണമായും തീരുന്ന സ്ത്രീശരീരം ഉപയോഗിത നഷ്ടപ്പെടുമ്പോൾ വലിച്ചെറിയപ്പെടുന്നു. എന്നാൽ അതിന്റെ പ്രകൃതിസഹജതയെ സർഗ്ഗാത്മകതയിലൂടെ വീണ്ടെടുക്കുന്നതിന്റെ ആഖ്യാനമാണ് മൈലാഞ്ചിയമ്മ. വിമോചനത്തിന്റെ ഉടലെഴുത്ത്. അമ്മയുടെ പണിതു തളർന്ന കരങ്ങളിൽ ഓടിക്കുഴഞ്ഞപാദങ്ങളിൽ മകൾ മൈലാഞ്ചി ചിത്രങ്ങൾ ആലേഖനം ചെയ്യുന്നതിന്റെയും അതിലൂടെ പ്രകൃതിയോഗാത്മകതയിലേക്ക് ആ അമ്മ ഉണരുന്നതിന്റെയും ഭാവസാന്ദ്രതയാണ് ഈ കവിതയിൽ അനുഭവിക്കാ നാവുന്നത്. അമ്മയുടെ ഉടലിൽ സങ്കീർണ്ണസൗന്ദര്യമാർന്നൊരു മയിൽച്ചിത്രം മൈലാഞ്ചിയിലെഴുതുകയാണ്, മകൾ. അനങ്ങരുത് എന്ന മകളുടെ ഉഗ്രശാസനയിലമർന്ന് അമ്മ തന്റെ ഉടലിനെ മകൾക്ക് മൈലാഞ്ചി ചിത്രങ്ങളെഴുതുവാനുള്ള കേവലം പ്രതലമായി സമർപ്പിക്കുകയാണ് വരക്കുവാനൊരു പ്രതലം മാത്രമായ് അലസം കിടക്കുമ്പോൾ എല്ലാ കനങ്ങളും അഴിഞ്ഞുവീഴുന്നത് അമ്മ അറിയുന്നു. ഉടയാടകൾ അഴിച്ചുവെച്ച്, ഉടലും എഴുത്തും എഴുതുന്നയാളും മാത്രമാകുന്ന നിമിഷത്തിൽ ഉടലിന്റെയും സ്ത്രൈണസ്വത്വത്തിന്റെയും സർഗ്ഗാത്മകമായ ഉയിർപ്പ് സംഭവിക്കുകയാണ്.

'ആദിയിൽ നീ

സ്വസ്ഥമായുറങ്ങിയ

വയറിലാകട്ടെ അടുത്ത ചിത്രങ്ങൾ

പ്രസവരേഖകൾ

കടുംനിറത്തിനാൽ മായ്ചുകളയുക

നിന്നെയൂട്ടിയ മുലകളാകട്ടെ

മലകൾ, വൃക്ഷങ്ങൾ നിബിഡമാകട്ടെ

അവയ്ക്കു നടുവിലൊരു

സൂര്യനും ഉദിച്ചോട്ടെ'

വരച്ച് അറുതിവരുമ്പോൾ വാതിൽചാരി പുറത്തേക്കു പോവുക മൈലാഞ്ചി വലിഞ്ഞുണങ്ങുമ്പോൾ ഒന്നു മയങ്ങിയുണരും ആ മയക്കത്തിൽ എല്ലാ ശരീരഗർവ്വങ്ങളും ഇല്ലാതെയാകണം എന്ന് അമ്മ അഭിലഷിക്കുന്നു. ദേഹത്തെക്കുറിച്ചുള്ള ഗർവ്വങ്ങൾ, ലജ്ജകൾ ആധികൾ തിരോഭവിക്കണം. അപ്പോൾ ശരീരത്തിൽ ജ്വലിക്കുമൊരു ചുവന്ന മയിൽച്ചിത്രം തെളിഞ്ഞുവരും വസ്ത്രത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന ചിത്രങ്ങളോർത്തു പൊട്ടിച്ചിരിച്ചുകൊണ്ട്, മകളുടെ മണികിലുക്കത്തിൻ താളത്തിൽ വീട്ടിലാകെ നൃത്തമാടി നടക്കും ഈ മൈലാഞ്ചിയമ്മ. സർഗ്ഗാത്മകതയെ ഉള്ളിലൊളിപ്പിച്ച് അതിന്റെ ലഹരിയിൽ ജീവിതപാരുഷ്യങ്ങളെ മറികടക്കാനഭിലഷിക്കുന്ന സ്ത്രൈണസ്വത്വത്തെ ശരീരനിഷ്ഠമായി ആഖ്യാനം ചെയ്യുന്നു ഇക്കോഫെമിനിസത്തിന്റെ അപൂർവചാരുതയുള്ള ഈ കവിതയിൽ. ഇങ്ങനെ സ്ത്രീ തന്റെ സർഗ്ഗാത്മകതയെ തിരിച്ചറിയുകയും വീണ്ടെടുക്കുകയും ചെയ്യുന്നതിന്റെ പ്രക്രിയകൾ ബിന്ദുകൃഷ്ണന്റെ കവിതകൾ വിനിമയം ചെയ്യുന്നു. പെൺ കാമനകളുടെ ഊർജ്ജപ്രസരമുള്ള കവിതകളിലൂടെ മലയാള പെൺകവിതയിൽ വേറിട്ട ഭാവുകത്വം സൃഷ്ടിക്കുന്നു ഈ കവി.

## വിമോചനത്തിന്റെ തോറ്റംപാട്ടുകള്

'കവിയാവുകയെന്നാൽ

അഗ്നിത്തുരുത്തിലെ

കിളിയാവുകയെന്നർത്ഥം

ആൾക്കൂട്ടത്തിലലിഞ്ഞും

ആത്മാവിൽ ഒളിച്ചിരുന്നും

പുകച്ചുരുളിൽ പൊള്ളിപ്പറന്നും

പൊരുന്നത്തൂവൽ

വിരിയിക്കുകയേ

രക്ഷയുള്ളൂ'

എന്നിങ്ങനെ സ്ത്രീയുടെ സർഗ്ഗകർമ്മത്തിന്റെ പരിമിതികൾ തിരിച്ചറിയുമ്പോഴും വിമോചനത്തിന്റെ തോറ്റമായി പെൺകവിതയെ പരിവർത്തിപ്പിക്കാൻ ഉത്സാഹം കാട്ടുന്ന കവിയാണ് ആര്യാഗോപി. സങ്കല്പവിശുദ്ധിയുള്ള കവിതകൾ എന്ന് അവയെ വിശേഷിപ്പിക്കാം. ജനകീയകാവ്യപാരമ്പര്യത്തെ അനുവർത്തിച്ചുകൊണ്ട് സ്ത്രീകൾക്ക് മാന്യതനൽകുന്ന പുതിയൊരു സംസ്കാരരാഷ്ട്രീയ നിർമ്മിതിക്കായി കവിതയെ ആയുധമാക്കാൻ ഈ കവിക്കാവുന്നു.

'തിമിരനിദ്രയിൽ മിന്നലായീടണം

ബധിരരാത്രിയിൽ വെള്ളിടിയാകണം

അലസനിശ്വാസമൂകാംബരങ്ങൾക്ക്

മുകളിലാരവതീനാളമാകണം'

എന്നും

'കാട്ടുനീതിയുടെ അവസാനവാക്ക്

എരിഞ്ഞുതീരുന്നിടത്ത്

കാവ്യനീതിയുടെ പുതിയ വാക്ക്

കരഞ്ഞുപിറക്കുമെന്നും' പെൺകാവ്യമാർഗ്ഗത്തിൽ അതിരറ്റ പ്രതീക്ഷയർപ്പിക്കുന്ന കവിയെ അവരുടെ രചനകളിൽ വായിക്കാം. സ്ത്രീസമൂഹത്തെ എല്ലാത്തരം അരക്ഷിതാവസ്ഥകളിൽ നിന്ന് മോചിപ്പിക്കുവാനുള്ള സഫലമായ കാവ്യമാർഗ്ഗം. അകം പൊള്ളിയ പ്രാർത്ഥനകളോടൊപ്പം, പുതിയൊരു സമൂഹസൃഷ്ടിക്കായുള്ള കൂടൊരുക്കത്തിനുള്ള ആഹ്വാനങ്ങളും ആര്യാഗോപിയുടെ കവിതകളെ സംസ്കാര രാഷ്ട്രീയത്തിന്റെ ഉരിയാട്ടമാക്കി മാറ്റുന്നു. ചപലവേഷങ്ങളഴിച്ചുവെച്ച് ഉയിരും ഉടലും ഉരിയാട്ടവും പ്രതിരോധസജ്ജമാക്കുന്ന പെണ്ണിനെക്കുറിച്ചാണ് ആര്യാഗോപി എഴുതുന്നത്. ഫോക്സ്പർശമുള്ള കവിതകളിലൊന്നാണ് 'ഉരിയാടും കാലത്തെ പെണ്ണുങ്ങൾ' പറച്ചിൽ, അർത്ഥം, വായന എന്നിവയെ സ്ത്രീകളെ അംഗീകരിക്കുന്ന ഒരു വ്യവസ്ഥിതിയെ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള സാംസ്കാരിക പ്രത്യയശാസ്ത്ര ഉപകരണങ്ങളായി കവി കണ്ടെടുക്കുന്നു.

'ഉരിയാടുംകാലത്തെ പെണ്ണാളാണേ

അടിമച്ചൂടാറാത്ത മണ്ണാളാണേ

അപരാഹ്നം വേവും തീപ്പന്തമാണേ

മൃതിതേടാകാറ്റിന്റെ കണ്ണീരാണേ'

എന്നിങ്ങനെ അടിമത്തത്തിന്റെയും കൊടിയ പീഡനങ്ങളുടെയും ചരിത്രം താണ്ടിവന്ന പെണ്ണിനെക്കുറിച്ചെഴുതുന്നു. പീഡനപരമ്പരകൾക്ക് ഭാഷ നൽകുന്നതിലൂടെ മാത്രമേ അവൾക്ക് സ്വത്വവും കർത്തൃത്വവും നേടിയെടുക്കാനുള്ള ആശയകാലാവസ്ഥ സൃഷ്ടിക്കാനാവൂ എന്ന് ചരിത്രത്തിലെയും പുരാവൃത്തങ്ങളിലെയും പീഡിതമായ സ്ത്രീവസ്ഥകൾ പ്രതീകങ്ങളായി വിന്യസിച്ചുകൊണ്ടു കവി പറയുന്നു. എണ്ണമറ്റ ഹിംസകൾ ഏറ്റുവാങ്ങിയവർ, കണ്ണീരുപ്പു രുചിച്ചവർ അവരുടെ ഓർമ്മകൾ തോറ്റംപാട്ടായി പെയ്തു നിറയ്ക്കുകയാണ്.

'മിഴിയഞ്ചും പൂട്ടിപ്പുകഞ്ഞോളാണേ

കടലേഴും താണ്ടിയലഞ്ഞോളാണേ

ഉടലഗ്നിയിൽ കരൾ വെന്തോളാണേ

ഉരുവിട്ട പാഠം പിഴച്ചോളാണേ'

പലവട്ടമാടിത്തളർന്നവൾ, പടികേറി സൂര്യനെക്കണ്ടവൾ, ഘനമേഘമിന്നൽ കണ്ണിൽ കരുതുന്നവൾ, കനൽനട്ടഭൂമിയിലൂടെ സംഘടിതമായി മുന്നേറുകയാണ്. ഉരിയാട്ടമാണ് പുതിയ കാലത്തിന്റെ ആയുധം. ഭാഷയിലൂടെയാണ് അതിലൂടെയുള്ള ബഹുവിധ ആവിഷ്കാരത്തിലൂടെയാണ്

വിമോചനം സാധ്യമാവുകയെന്ന ആശയത്തിന് അടിവരയിടുന്ന കവിതയ്രേ ഉരിയാടും കാലത്തെ പെണ്ണുങ്ങൾ.

## ഉടലിന്റെയും ഉയിരിന്റെയും തനതെഴുത്തുകള്

പെൺകവിതയിലെ തനതെഴുത്തുകളുടെ സമകാല അവസ്ഥയെ തിളക്കമുള്ളതാക്കുന്നു ആദിലകബീറിന്റെ കവിതകൾ. വിധ്വംസകമായ ഭാഷയാൽ, ഭാവനയാൽ പെൺകവിതയിൽ നവഭാവുകത്വം അടയാളപ്പെടുത്താൻ ഈ കവിക്കു കഴിഞ്ഞിട്ടുണ്ട്. ഉടലെഴുത്തിന്റെ പുത്തൻ ചുവടുകളാണ് ആദിലക്കവിതയുടെ ആകർഷണം. 'കവിതയിലെ പെൺമൊഴി പ്രാഥമികമായി അവരുടെ മെയ്യാണ്. ഉയിരും ഉറവയും ഉർവ്വരതയുമുള്ള ഉടൽമൊഴിയാണ്. നർത്തകിക്ക് ശരീരം എന്നപോലെ അവളുടെ ഉടൽ തന്നെ ഭാഷയും ഭാവനയുമാകുന്നു. ഉടലിനെക്കുറിച്ച് എന്തെഴുതിയാലും അത് ഉയിരിനെക്കുറിച്ചുള്ളതായിത്തീരും. മെയ്ത്തനിമയെക്കുറിച്ച് എത്രപറഞ്ഞിട്ടും മതിവരാത്ത ആ മൊഴിവഴിയാണ് ആദിലയുടെ കവിതയും' എന്ന് 'അവർണ്ണ' എന്ന സമാഹാരത്തിന് പി.പിരാമചന്ദ്രൻ എഴുതിയ 'ആട്ടിപ്പായിച്ചാലും അകന്നുപോകാത്തവൾ' എന്ന ആമുഖപഠനത്തിൽ പറയുന്നു. പെണ്ണുടലിന്റെ ഗന്ധം നുരയ്ക്കുന്ന ഭാഷയും ഉയിരിന്റെ ഉ:ത്തതീർത്ഥം തേടുന്ന ഭാവനയും കൊണ്ട് പെൺകവിതയിൽ നവഭാവുകത്വം സൃഷ്ടിക്കുന്നു ഈ കവി.

പീഡിതരിൽ, പതിതരിൽ, നിരാലംബരിൽ തങ്ങളുടെ സ്വത്വത്തെ ഉറക്കെ പ്രഖ്യാപിക്കുന്നവരിൽ ഇങ്ങനെ വിക്ഷുബ്ദമായ സ്ത്രീയവസ്ഥകളിലേക്കൊക്കെയാണ് ആദിലയുടെ കവിത പുറപ്പെട്ടുപോകുന്നത്. 'അവർണ്ണ' എന്ന കവിത പുതിയ സൗന്ദര്യശാസ്ത്രത്തിന്റെയും സാമൂഹ്യാവബോധത്തിന്റെയും ഗരിമ അടയാള പ്പെടുത്തുന്നു.

'കരിക്കട്ടയ്ക്കതേ വർണ്ണം

കറകോരിത്തരും ദന്തം

നിറഞ്ഞുതിർന്നടന്നിടാ

ചിരട്ടപോൽ നിതംബവും

മുലക്കച്ചക്കിരിക്കാനും

മുഴുപ്പില്ലാ മുലക്കൂമ്പും

പതിനേഴിൽ നടപ്പിലും

കോതിവെക്കാകൂന്തൽവാലും'

എന്ന് തെരുവിലലയുന്ന പെണ്ണിന്റെ വർണ്ണന വായിക്കുമ്പോൾ സ്ഥാപിതസാഹിത്യ സങ്കല്പങ്ങളെ അട്ടിമറിച്ച ബഷീർ ഓർമ്മയിലെത്തും. വിഗ്രഹഭഞ്ജനത്തിന് തുടക്കമിട്ട കഥയായിരുന്നുവല്ലോ ബഷീറിന്റെ 'എന്റെ തങ്കം'. 'എന്റെ തങ്കത്തിന്റെ നിറം കറുപ്പാണ്. വെള്ളത്തിൽ മുക്കിയെടുത്ത ഒരു തീക്കൊള്ളി' എന്ന നായികാവർണ്ണനയെ പ്രത്യക്ഷത്തിൽ ഓർമ്മിപ്പിക്കുന്നു ആദിലയുടെ അവർണ്ണ. തിരസ്കൃതരുടെ ജീവിതം അന്നുമിന്നും സമാനമാണെന്ന തിരിച്ചറിവിലേക്കാണ് ഈ ചിത്രീകരണം വായനക്കാരെ നയിക്കുന്നത്. തെരുവുപെണ്ണിന്റെ ജീവിതം പകർത്തിക്കൊണ്ട് നിരാലംബരോടുള്ള സമൂഹത്തിന്റെ മനോഭാവത്തെ ആഘാതജനകമായ അനുഭവമാക്കുന്നു. പുരോഗതിയുടെ എക്സ്പ്രസ്സ് വേഗം പുറന്തള്ളപ്പെട്ടവരുടെ ജീവിതത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല, അവരിപ്പോഴും തെരുവിൽത്തന്നെ എന്ന് പറയാതെ പറയുന്നു. പുറന്തള്ളപ്പെട്ടവൾ തെരുവിൽ പ്രസവിക്കുന്നു. അത് നോക്കിനിൽക്കുന്നു നിസ്സംഗതയുടെ ലോകം.

'കവച്ചേകാൽവെച്ചിരിക്കു-

ന്നിടുക്കിൽ നിന്നൊരു കുഞ്ഞിൻ

തലമാത്രം തെറിച്ചിട്ടീപുറംലോകം മണക്കുന്നു..

പുലയാടിപെറാൻകണ്ടോരിടം കണ്ടോ

-കടക്കാരൻ

പട്ടിചത്താലെന്തിനിത്രയ്ക്കാളുകൂടാൻ

-പോലീസേമാൻ'

എന്നിങ്ങനെ കാണികളും കാഴ്ചവസ്തുക്കളുമായി ചുരുങ്ങിപ്പോയ കാലത്തെ പരുഷമായി പകർത്തുന്നു.

പെണ്ണവസ്ഥകളെ അകത്തുനിന്നും പുറത്തുനിന്നും ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്ന കവി, കവിതയിലും ജീവിതത്തിലും അലംഘനീയമായി തുടരുന്ന വ്യവസ്ഥകളോടുള്ള വിയോജിപ്പുകളും ആത്മവിമർശനപരമായ തീർപ്പുകളും പങ്കുവയ്ക്കുന്നുണ്ട്. പെണ്ണെഴുത്തിന് ആത്മബലവും ആത്മവിശ്വാസവും പകരാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന കവിയെ പല കവിതകളിലും കാണാം. കാട്ടുപൂക്കൾ എന്ന കവിത, പെൺ കവിതയുടെ സൗന്ദര്യശാസ്ത്രത്തിന്റെ രൂപകമായി വായിക്കാം.

കരുതിവയ്ക്കപ്പെടുന്ന പൂക്കളോട്, അഥവാ വിഗ്രഹവൽക്കരിക്കപ്പെട്ട സൗന്ദര്യ പ്രത്യയശാസ്ത്രങ്ങളോട് കാട്ടുപൂക്കളാം പെൺഭാവന പറയുന്നു, നിർഭാഗ്യത്തിന്റെ നിറഭേദങ്ങളാണ്, കാലം കണ്ടെടുക്കാത്ത കാട്ടുപൂക്കൾ, ഇതളുകളുടയാത്തവർ, റീത്തിൽ ചത്തിരിക്കാത്തവർ, വിലയിടിഞ്ഞാലും വീണ്ടും പൂക്കാൻ കഴിയുന്നവർ ഇങ്ങനെ കെട്ടുകാഴ്ചകളിൽപ്പെടാത്ത കാട്ടുപൂവാകണം പെൺഭാഷയും ഭാവനയും എന്ന് തീവ്രമായി ഇച്ഛിക്കുന്നു കവി. ആത്മപരിശോധനയുടെയും ആത്മവിമർശനത്തിന്റെയും തീക്ഷ്ണസ്വരം ഈ കവിയിൽ നിന്നു പുറപ്പെടുന്നുണ്ട്. പെണ്ണെഴുത്തിന്റെയും പെണ്ണിന്റെയും വിധി ഒന്നു തന്നെയാകുന്നതിനെക്കുറിച്ചുള്ള തിരിച്ചറിവ് പെണ്ണെഴുത്തിന്റെ ഗതകാലത്തെയും വർത്തമാനത്തെയും വിമർശനാത്മകമായി പരിശോധിക്കാൻ പ്രേരിപ്പിക്കുന്നു. 'പാവം നീ കവിതേ' എന്ന രചനയിൽ ഈ സംഘർഷം തീവ്രമായി ആഖ്യാനം ചെയ്യുന്നുണ്ട്.

'എത്ര തുണിയുടുപ്പിച്ചിട്ടും

നാണം മറയാത്തവൾ

പെറ്റുഞാനെന്നറിഞ്ഞിട്ടും

പൊക്കിൾകൊടിയറ്റുപോകാത്തവൾ

പട്ടിണിയാണേലും

വഴിവാക്കുരിയാത്തവൾ

ആട്ടിപ്പായിച്ചാലും അകന്നുമാറാത്തവൾ

എന്നെയൂറ്റിപ്പിഴിഞ്ഞാലും

ഊർന്നുതീരാത്തവൾ

എന്നെയീ ഞാനെന്നെണ്ണിപ്പറഞ്ഞവൾ'

എന്നിങ്ങനെ എഴുത്തിന്റെ സംഘർഷത്തെ ആത്മാർത്ഥമായി എഴുതുന്നു. പൂട്ടിയിട്ട പാപങ്ങളൊക്കെയും ഏറ്റുവാങ്ങികൂട്ടിലാകാൻ മാത്രം വിധിക്കപ്പെട്ടതാണ് തന്റെ കവിതയെന്നും കലഹിച്ചും ശപിച്ചും പഴിപറഞ്ഞും വീണ്ടുംവീണ്ടും തന്റെയും കവിതയുടെയും വിധി ഒന്നുതന്നെയാകുന്നുവെന്നുമുള്ള സാക്ഷ്യം പെണ്ണെഴുത്തിലെ ആത്മവ്യഥയുടെ ആഴം അടയാളപ്പെടുത്തുന്നു.

വാക്കും പ്രവൃത്തിയും വേർപിരിയുന്ന വർത്തമാനകാലം പെണ്ണെഴുത്തിലും പെൺവാഴ്വിലും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അതിനാൽ വാക്കിനോടുള്ള മൗനപ്രണയം ആത്മാവിലേറ്റുവാങ്ങി ഓരോ ജീവിതാവസ്ഥകൾക്കും പുതിയ ഭാഷ സൃഷ്ടിക്കുവാനുള്ള ശ്രമം തുടരുന്നു കവി. അത്തരം തീവ്രയത്നത്തിന്റെ, ധ്യാനത്തിന്റെ ആത്മസമർപ്പണത്തിന്റെ പ്രതിഫലനമാണ് 'വാക്ക്' എന്ന കവിത. എഴുത്തും പ്രണയവും തീവ്രമായ അനുഭവങ്ങളാണ്. വിലോഭനീയമായ കല്പനകളുള്ള ഛന്ദസ്സിന്റെ ചിലങ്കകളണിഞ്ഞ ഈ കവിത കവിതയോടും പ്രണയത്തോടും ജീവിതത്തോടുമുള്ള പെണ്ണിന്റെ ആത്മസമർപ്പണത്തിന്റെ ആഖ്യാനമാണ്. ഉടലെഴുത്തും ഉയിരെഴുത്തും ഇവിടെ ഒന്നായി മാറുന്നു. അബലതത്തെ മറികടക്കാൻ പ്രണയം പേമാരിയായി ഏറ്റു വാങ്ങുന്നവളാണ് ഈ കവിതയിലെ പെൺസ്വത്വം.

'നിന്റെ നിന്റെ ഞാൻ നിന്റെയെന്നാകിലും

നിന്റെ മാത്രമല്ലീപ്പെരും ഭൂമിയിൽ

രക്തബന്ധങ്ങൾ ബന്ധനക്കെട്ടുകൾ

ശക്തയല്ല ഞാനത്രമേൽ ക്ഷീണിത

നാളെയേതോ വിദൂരത്തിലേക്കു നീ
യാത്രയാകയാണെന്നിനിക്കാണുവാൻ
ഇത്രമാത്രം പറഞ്ഞു ഞാൻ ചായുന്നു
തപ്തമാം നിന്റെ മാറിന്റെ ചൂടിലേ-
ക്കെത്രകാലം കഴിഞ്ഞു ഞാൻ കാൺകിലും
ഏതു ബന്ധങ്ങൾ ബന്ധനം തീർക്കിലും
ദാഹവേനലിൽ ദാഹമേൽക്കില്ല നീ
പ്രാണനേ നിന്റെ പേമാരിയാണു ഞാൻ'

ഇങ്ങനെ സ്ത്രൈണതാരള്യങ്ങളുടെ ആത്മസമർപ്പണത്തിന്റെ ഭാവസാന്ദ്രമായ ഉദീരണങ്ങളായിത്തീരുന്നു രൂപഭാവസമന്വയം കൊണ്ടനുഗ്രഹീതമായ ഈ കവിത.

പെണ്ണിന്റെ സ്വത്വത്തെ സ്വാതന്ത്ര്യത്തെ അംഗീകരിക്കാത്ത പുരുഷാധികാര വ്യവസ്ഥയോടുള്ള കലാപമായി ഭാഷയെ ഭാവനയെ ചിട്ടപ്പെടുത്തുന്നു ഈ കവി. പെണ്ണില, കരളുകറി ഒരു സീക്രഡ്റെസിപ്പി, കെട്ടിത്തൂക്കുന്നവരെപ്പറ്റി തുടങ്ങിയ കവിതകളിലെ ബിംബസന്നിവേശവും ഭാഷയും സമകാലപെൺകവിതകളിലെ തനതെഴുത്തിന് തെളിവാണ്. ഏകപക്ഷീയമായ വിവാഹബന്ധത്തെ തൂക്കുകയർ എന്ന രൂപകത്തിലൂടെ അവതരിപ്പിക്കുന്ന കെട്ടിത്തൂക്കുന്നവരെപ്പറ്റി, അതിജീവനസമരങ്ങളുടെ ദീപ്ത സ്മരണകളിരമ്പുന്ന തുലാമഴ എന്നിങ്ങനെ സാമൂഹികാവസ്ഥകളെ പ്രതിഫലിപ്പിക്കുന്ന കവിതകളോടൊപ്പം സ്വത്വബലമാർജ്ജിക്കുന്ന സ്ത്രീയെക്കുറിച്ചുള്ള കവിതകളും ഈ കവിയുടെ രചനാലോകത്തെ സമ്പന്നമാക്കുന്നു. സ്ത്രീയുടെ അതിജീവനത്തിന്റെ വൈവിധ്യമാർന്ന ചിത്രങ്ങൾ ആദിലയുടെ കവിതകളിൽ കാണാം. ദാമ്പത്യം വഴിമാറിയൊഴുകിയ പുഴകളാകുമ്പോൾ തന്റേടത്തോടെ ജീവിക്കാനുറച്ചവർ, പ്രതീക്ഷകളും സ്വപ്നങ്ങളും കൊത്തിനുറുക്കി അതിജീവനത്തിന്റെ സീക്രട്ട് റെസിപ്പികൾ സ്വായത്തമാക്കുന്നവർ, തിരമാലപോലെ തന്റെ കാമനകളെ തുറന്നു പ്രഖ്യാപിക്കുന്നവർ. ഇങ്ങനെ ആർക്കുമറിയാത്ത, ആരും ചിത്രണം ചെയ്യാത്ത സ്ത്രീയവസ്ഥകളെക്കുറിച്ചുള്ള ധീരമായ എഴുത്ത് ആദിലകബീറിന്റെ കവിതകൾക്ക് പ്രത്യേക കരുത്തു നൽകുന്നു. പ്രകൃതിബിംബസന്നിവേശം, കറുത്തഹാസ്യം, നാടകീയത, രൂപകാത്മകത തുടങ്ങി വൈവിധ്യമാർന്ന രചനാശൈലികളും ആദിലക്കവിതകളെ ആകർഷണീയമാക്കുന്നു.

## ഉപസംഹാരം

സമകാലകവിതയിൽ തെളിമയോടെ പ്രത്യക്ഷപ്പെട്ട മൗലികവും തനതുമായ പെൺകാവ്യരീതികളെക്കുറിച്ചുള്ള ഒരു വിശകലനമാണ് ഇവിടെ നടത്തിയത്. ഹെലൻസിക്സസ് പറഞ്ഞിട്ടുള്ളതുപോലെ ശരീരത്തിൽ നിന്നും എഴുത്തിൽ നിന്നും ആട്ടിയകറ്റപ്പെട്ട സ്ത്രീകളുടെ ഉയിർപ്പിന്റെ ആഘോഷമാണ് ഈ കവിതയിൽ ദർശിക്കാവുന്നത്. തനതായ വീക്ഷണത്തോടെ ലോകത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും പീഡിതമായജീവിതാവസ്ഥയിൽ നിന്നുള്ള മോചനത്തിന്റെ സർഗ്ഗാത്മകമാർഗ്ഗങ്ങളെ ക്കുറിച്ചും അവർ തുറന്നെഴുതുന്നു. ധീരവും മനോഹരവുമായ ഈ കാവ്യപ്രവണതകൾ മലയാളപെൺകവിതയെ ഏറെ നവീകരിച്ചിരിക്കുന്നു. അതിജീവനത്തിനുള്ള തീവ്രേച്ഛകൾ പ്രതിഫലിക്കുന്ന ഈ കവിതകൾ സാഹിത്യത്തെയും സംസ്കാരത്തെയും നവീകരിക്കാൻ കെല്പുള്ളവയാണ്.

## References

Adila Kabeer, (2021) Avarana, D C Books, Kottayam, Kerala, India.

Arya Gopi, (2021) Uriyadum Kalatha Pennungal, D C Books, Kottayam, Kerala, India.

Bindu Krishnan, (2021) Mylanchi Amma, D C Books, Kottayam, Kerala, India.

Chithira Kusuman, (2017) Prabhoparajithanilayil, Logos Books, Palakkad, Kerala, India.

Cixous, H., Cohen, K., Cohen, P., (1976) The Laugh of the Medusa, Signs, 1(4), 875–893. http://www.jstor.org/stable/3173239

### Funding

No funding was received for conducting this study.

### Does this article screened for similarity?

Yes

### Conflict of interest

The Author has no conflicts of interest to declare that they are relevant to the content of this article.

### About the License

© The Author 2022. The text of this article is open access and licensed under a Creative Commons Attribution 4.0 International License

### Cite this Article

R. Chandrabose, Unique way of expressing lust, body and love in Contemporary Malayalam Feminist Poetry, Indian Journal of Multilingual Research and Development, Vol 3, Iss 2 (2022) 23-35. DOI: https://doi.org/10.54392/ijmrd2223